# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തെന്മല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P1/179/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 04/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തെന്മല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തെന്മല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെന്മല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P1/179/23 തീയ്യതി: 04/04/2023

## കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-01-2022 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 16-01-2022 മുതൽ 31-10-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി എം. ഡി. അമ്പിളി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 09-01-2023 | 18-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 09-01-2023 | 18-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഐസക് ജോൺ (ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ))

ശ്രീമതി.ജയകുമാരി അമ്മ ജി (സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീ.ശ്രീകുമാർ.എസ് (ഓഡിറ്റർ)

ശ്രീമതി.റജിന എ എസ് (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.ശശിധരൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ഈശ്വരദാസ് ഇ. | സെക്രട്ടറി | 01-04-2021 | 28-06-2021 |
| ശ്രീമതി എസ്. കല | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-06-2021 | 06-07-2021 |
| ശ്രീ. സാബു ഡി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-07-2021 | 07-07-2021 |
| ശ്രീ. അനിൽ കുമാർ എസ് | സെക്രട്ടറി | 08-07-2021 | 23-01-2022 |
| ശ്രീ. മഹേഷ് ഡി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 24-01-2022 | 30-01-2022 |
| ശ്രീ. അനിൽ കുമാർ എസ് | സെക്രട്ടറി | 31-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അഭിലാഷ് എസ്.എച്ച്. | അസി.എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ഡോ.രശ്മി യു ആർ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ. മണിമോഹൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ. റിയാസ് | ഡയറിഫാംഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീലത | ഹെഡ് മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീമതി ഗീതുമോഹൻ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ.അർച്ചന | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീമതി തസ്ലിമ ബീഗം | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി എസ്. കല | അസി. സെക്രട്ടറി | 01-04-2021 | 18-07-2021 |
| ശ്രീ. ഗിഫ്റ്റി ജെ. | അസി.സെക്രട്ടറി | 19-07-2021 | 09-02-2022 |
| ശ്രീമതി ലത എൽ.ജി. | അസി. സെക്രട്ടറി | 10-02-2022 | 31-03-2022 |
| ശ്രീ. നിതീഷ് ദേവ് | വി.ഇ.ഒ. ഇടമൺ | 01-04-2021 | 15-10-2021 |
| ശ്രീ. അഭിലാഷ് ആർ. | വി.ഇ.ഒ. ഇടമൺ | 16-10-2021 | 31-03-2022 |
| ശ്രീമതി നജ്മുന്നിസ | വി.ഇ.ഒ. തെന്മല | 16-11-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി അശ്വതി പി.എം. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി അംജത ഹബീബ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി അനുപമ സി.ജോസഫ് | അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികകണക്കുകളിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ലൈസൻസ് ഫീസ് പിരിവിലെ അപാകതകൾ | 1-11 |
| 13 | വാണിജ്യകെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം - ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം | 1-12 |
| 14 | ലേലകുടിശ്ശിക | 1-13 |
| 15 | വാടക കുടിശ്ശിക | 1-14 |
| 16 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 17 | മരുന്ന്, ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു. | 1-16 |
| 18 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. | 1-17 |
| 19 | ഇ-ടെണ്ടർ ഫാറവില തിരികെ ഈടാക്കിയില്ല. | 1-18 |
| 20 | വൈദ്യുതീകരണം നടത്താത്തതിനാൽ പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല. | 1-19 |
| 21 | മഴക്കാല പൂർവ്വ ശുചീകരണം - തുക ചെലവഴിച്ച രേഖകൾ ഹാജരാക്കിയില്ല. | 1-20 |
| 22 | എഗ്രിമെന്റ് റദ്ദാക്കി - എന്നാൽ തുടർ നിയമനടപടികൾ സ്വീകരിച്ചില്ല. | 1-21 |
| 23 | രേഖകൾ ഹാജരാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു. | 1-22 |
| 24 | പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി ദുർബലം | 1-23 |
| 25 | ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല. | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | **ചാർജ്/ സർചാർജ്** നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

17.02.21 തീയതിയിലെ I(2)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 02/03/22 തീയതിയിലെ II-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 30-07-2022 | 30-07-2022 | - | - |

## 1-2-1 വാർഷികകണക്കുകളിലെ അപാകതകൾ

1) വികസന ഫണ്ട് (ജനറൽ) സുലേഖ സ്റ്റേറ്റ്ന്റ് പ്രകാരമുള്ള ചെലവ് 2,74,11,172/- രൂപയാണ്. എന്നാൽ ACR സോഴ്സ് ഡിഡക്ഷൻ ഉൾപ്പടെ ചെലവ് 2,74,39,672/-രൂപയാണ്. വ്യത്യാസത്തിനുള്ള കാരണം വിശദീകരിച്ചില്ല.7039/- രൂപ വ്യത്യാസത്തിനുള്ള കാരണം വിശദീകരിച്ചില്ല.

2) വികസന ഫണ്ട് (ടി എസ് പി )ഫണ്ട് സർക്കാർ ഉത്തരവ് വഴി തിരിച്ചടവ് 44,000/-രൂപയായിരുന്നു. എന്നാൽ സുലേഖ പത്രിക പ്രകാരം തുക 51,039/-രൂപയാണ്.

3)ധനകാര്യ കമ്മീഷൻ ഗ്രാന്റ് ACR പ്രകാരമുള്ള ചെലവ് 1,15,84,398/- രൂപയും സുലേഖ സ്റ്റേറ്റ്മെന്റ് ചെലവ് 1,15,57,599/- രൂപയുമാണ് .വ്യത്യാസത്തിനുള്ള കാരണം വിശദീകരിച്ചിട്ടില്ല.

4)ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന്റെ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് 34,50,000/- രൂപയാണ് . ആർ പി 7 പ്രകാരമുള്ള വരവ് തുക 20,90,000/- രൂപ മാത്രമാണ്. വാർഷിക ധനകാര്യപത്രിക പ്രകാരം മുന്നിരിപ്പ് തുകയിൽ(കോഡ് 320700204) നിന്നും തുക ചെലവഴിച്ചിട്ടില്ല. വ്യത്യാസം വിശദീകരിച്ചിട്ടില്ല.
5)വസ്തുനികുതി വരവ് ഇനത്തിൽ സഞ്ചയ, സാംഖ്യാ, സോഫ്റ്റ്‌വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ പൊരുത്തപ്പെടുന്നില്ല
6) ഷെഡ്യൂൾ B-18 :- Advance To KWA, Advance To KSEB, Advance To Others, തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു. മുൻ വർഷത്തെ നിക്കിയിരിപ്പ് തുക തന്നെയാണ് ഈ വർഷത്തേയും നീക്കിയിരിപ്പ്. പൂർത്തീകരിച്ച പ്രവൃത്തികളുടെ വിനിയോഗ രേഖകൾ വാങ്ങി അവ ആസ്തിയായി മാറ്റി പ്രസ്തുത ഷെഡ്യൂൾ ഇനങ്ങൾ കൃത്യമാക്കേണ്ടതും ഈ വർഷം നിക്ഷേപം നടത്തിയ തുകകൾ ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

7)പ്രോജക്ട് നമ്പർ 151/21 പ്രകാരം സംസ്ഥാനാവിഷ്കൃത ഫണ്ടിൽ നിന്നും 4,50,360/- രൂപ ചെലവഴിച്ചിട്ടുണ്ട്. സുലേഖ സ്റ്റേറ്റുമെന്റിൽ പ്രസ്തുത ചെലവ് ഉൾപ്പെടുത്തിയിട്ടില്ല.
8)ജോയിൻറ് വെഞ്ചർ അക്കൗണ്ടിൽ വാർഷിക ധനകാര്യ പത്രിക RP40(b) പ്രകാരം നീക്കിയിരിപ്പ് 13,55,617/- രൂപയാണ് എന്നാൽ ട്രഷറി പാസ്ബുക്ക് ബാലൻസ് 9,95,617/- രൂപ മാത്രമാണ്.
9)ഹെഡ്കോഡ് -320800101 ബെനഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിലെ നീക്കിയിരിപ്പ് സംബന്ധിച്ച രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

10) KURDFC ലോൺ നീക്കിയിരിപ്പ് തുക കൃത്യമല്ല (AFS പ്രകാരം 4,20,69,366/-രൂപ രജിസ്റ്റർ പ്രകാരം 3,39,00,961/-രൂപ.)
11) 31.03.2022 ലെ 2617/2022 ഉത്തരവ് പ്രകാരം വികസനഫണ്ട് (ജനറൽ) 1,97,100/-, എസ്.സി.പി. 3,53,935/-, മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) 42,035/-വരവുകൾ ACR ൽ ഉൾപ്പെട്ടിട്ടില്ല.
12)ധനകാര്യകമ്മീഷൻ ഗ്രാന്റ് ACR പ്രകാരം നീക്കിയിരിപ്പും AFS ലെ B4 ഷെഡ്യൂളും തമ്മിൽ 4,68,550/- രൂപ വ്യത്യാസത്തിനുള്ള കാരണം വിശദീകരിച്ചിട്ടില്ല.
13) CFC B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് 97,30,325/-രൂപ എന്നാൽ B17ലെ നീക്കിയിരിപ്പ്

86,40,248/-രൂപയുമാണ്. 10,90,077/-രൂപയുടെ വ്യത്യാസത്തിനുള്ള കാരണം വിശദീകരിച്ചിട്ടില്ല.
14) CFC ഗ്രാന്റ് ടൈഡ് & ബേസിക്, പി.എഫ്.എം.എസ്. അക്കൌണ്ട് മുഖേന ലഭിച്ച തുകയും പലിശയിനത്തിൽ ലഭിച്ച തുകയും ലയബിലിറ്റി ഹെഡിൽ വരവായി ഉൾപ്പെടുത്തിയില്ല. പലിശയിനത്തിൽ ലഭിച്ച തുക നീക്കിയിരുപ്പിലും ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,05,63,576/-രൂപ |
| വരവ് | 12,29,12,092/-രൂപ |
| ആകെ | 13,34,75,668/-രൂപ |
| ചെലവ് | 11,73,91,973/-രൂപ |
| നീക്കിയിരിപ്പ് | 1,60,83,695/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 67,09,449/-രൂപ |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി₹ | വരവ്₹ | ആകെ₹ | ചെലവ്₹ | സി.ബി₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 2,80,56,100/- | 2,80,56,100/- | 2,74,39,672/- | 6,16,428/- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 98,94,935/- | 98,94,935/- | 80,59,770/- | 18,35,165/- |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 11,05,000/- | 11,05,000/- | 10,29,010/- | 75,990/- |
| മെയിന്റനൻസ്, റോഡ് | 0 | 95,03,000/- | 95,03,000/- | 9341,131/- | 1,61,869/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 1,05,22,565/- | 1,05,22,565/- | 78,98,473/- | 26,24,092/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied (ട്രഷറി) | 0 | 73,58,697/- | 73,58,697/- | 59,57,045/- | 14,01,652/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied (ബാങ്ക്) | 0 | 77,81,000/- | 77,81,000/- | 15,71,707/- | 62,09,293/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Untied (ട്രഷറി) | 0 | 37,71,489/- | 37,71,489/- | 19,21,128/- | 18,50,361/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Untied (ബാങ്ക്) | 0 | 51,87,000/- | 51,87,000/- | 21,34,518/- | 30,52,482/- |
| സാക്ഷരത | 24,060/- | 1,982/- | 26,042/- | 0 | 26,042/- |
| ദുരിതാശ്വാസനിധി | 14,462/- | 579/- | 15,041/- | 0 | 15,041/- |
| കേന്ദ്രാവിഷ്കൃതഫണ്ടുകൾ (ഇനം തിരിച്ച്ചേർക്കുക) | | | | | |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 1,04,529,000/- | 10,45,29,000/- | 10,45,29,000/- | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 11,961/- | 21,13,877/- | 21,25,838/- | 19,70,641/- | 1,55,197/- |
| ICDS | | 33,42,214/- | 9,15,544/- | 42,57,758/- | 7,00,000/- | 35,57,758/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | | 20,90,000/- | 20,90,000/- | 20,90,000/- | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 17,21,234/- | 17,21,234/- | 17,21,234/- | 0 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | | | 1,34,00,000/- | 1,34,00,000/- | 1,12,86,800/- | 21,13,200/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 202 | 4,07,87,446/- | 158 | 8,94,31,150/- | - | 44 | 78.2% |

## 1-6 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11,961/- | 21,13,877/- | 21,25,838/- | 19,70,641/- | 1,55,197/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 10,45,29,000/- | 10,45,29,000/- | 10,45,29,000/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 79,80,000/- |
| വിധവാപെൻഷൻ | 2,43,72,800/- |
| വാർദ്ധക്യകാലപെൻഷൻ | 2,92,49,500/- |
| വികലാംഗപെൻഷൻ | 55,33,900/- |
| 50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 4,03,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.01.2023 ന് 01.15 പി.എം.ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17,549/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ടെങ്കിലും, ധന ഇടപാടുകളുടെ വിവിധ രേഖകൾ ജോലി വിഭജന രേഖ പ്രകാരം പൂർണ്ണമായും ജീവനക്കാർ പരിപാലിച്ച് കാണുന്നില്ല. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുവെന്നതിന് രേഖയില്ല. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ കൃത്യതയോടെ മാസാവസാനം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. റീകൺസീലിയേഷനിലെ അപാകതകൾ പരിഹരിക്കുന്നതിലേയ്ക്ക് പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19/11/2022 | 07/2022 – 09/2022 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20/07/2016 | 2011-12 - 2015-16 | 07-10-2016 |

1-11 ലൈസൻസ് ഫീസ് പിരിവിലെ അപാകതകൾ

കേരളാ പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ലൈസൻസ് സംബന്ധമായ രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ലൈസൻസ് യഥാസമയം പുതുക്കുന്നില്ല

2021-22 സാമ്പത്തിക വർഷം നാന്നൂറിലധികം സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിരുന്നു. ഇവയിൽ 10 സ്ഥാപനങ്ങൾ മാത്രമാണ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപ് തന്നെ ഫീസ് അടവാക്കി ലൈസൻസ് എടുക്കുന്നതിനാവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്തധികൃതർ സ്വീകരിക്കേണ്ടതാണ്.

2)ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലായില്ല

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ഭേദഗതി ചട്ടങ്ങളിലെ , ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്ക്കർഷിക്കുകയും വാർഷിക ലൈസൻസ് ഫീസ് പട്ടിക 2-ലെ ലൈസൻസ് ഫീസ് തുകകളിൽ മാറ്റം വരുത്തുകയും ചെയ്തു. എന്നാൽ 2021-22 വർഷത്തെ രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസിനായി സമർപ്പിക്കുന്ന എല്ലാ അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങളെ മൈക്രോ,മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ തരംതിരിക്കുകയും ഉൽപ്പാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമായി ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 1-ലെ ക്രമ നം-149 പ്രകാരം റീട്ടയിൽ റേഷൻ ഡിപ്പോകൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണ്. എല്ലാ

റേഷൻകടകളെയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

1-12 വാണിജ്യകെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം - ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം

1) 2021-22 സാമ്പത്തിക വർഷത്തിൽ വസ്തുനികുതി നിർണയിച്ചതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ലെനിൻ വി, വിജയ നിവാസ്, ഇടമൺ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 225.97 ച.മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് 184.19 ച.മീറ്ററിന് മാത്രമാണ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | സഞ്ചയ പ്രകാരം വസ്തു നികുതി നിർണയിച്ച തറ വിസ്തീർണ്ണം (എം സ്ക്വയർ) | നിരക്ക്@ ച.മീറ്റർ | നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി (ഇളവും വർദ്ധനവും കൂടാതെ)(രൂപ) | പ്ലാൻ പരിശോധിച്ചതിൽ ഭിത്തി കനം ഉൾപ്പെടെയുള്ള തറവിസ്തീർണ്ണം (എം സ്ക്വയർ) | നിരക്ക് @ ച.മീറ്റർ (രൂപ) | അടിസ്ഥാന വസ്തു നികുതി (ഇളവും വർദ്ധനവും കൂടാതെ) (രൂപ) | അടിസ്ഥാന വസ്തു നികുതിയിൽ ഉണ്ടായ കുറവ് (രൂപ) |
|---|---|---|---|---|---|---|---|
| 11/855 മുതൽ 11/861 വരെ | 184.19 | 40 | 7,367.6/- | 225.97/- | 40/- | 9,038.8/- | 1,671.2/- |

വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കിയില്ല. മേൽ പറഞ്ഞ കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതമൂലം പ്രതിവർഷം 1,671.2/-രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടം ഉണ്ടായിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് 2021-22സാമ്പത്തിക വർഷം മുതലുള്ള കുടിശ്ശിക ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.-10/18.01.2023

1-13 ലേലകുടിശ്ശിക

ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ ലേല ഡയറി, ലേല രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ലേല അവകാശം നൽകിയ ഇനത്തിൽ തുക ഈടാക്കാൻ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | പേര്, മേൽവിലാസം | ലേല തുക (രൂപ) | ഈടാക്കിയ തുക(രൂപ) | ഈടാക്കാൻ അവശേഷിക്കുന്ന തുക (രൂപ) |
|---|---|---|---|---|
| മാട്ടിറച്ചി വ്യാപാരം - ഇടമൺ സത്രം | ശ്രീ. സിറാജുദ്ദീൻ, തഫിയ മൻസിൽ | 18,25,00/- | 1,13,889/- | 6,8,611/- + ജി എസ് റ്റി |
| മാട്ടിറച്ചി വ്യാപാരം - ചാലിയക്കര | ശ്രീ. സിറാജുദ്ദീൻ, തഫിയ മൻസിൽ | 86,000/- | 21,500/- | 64,500/- + ജി എസ് റ്റി |
| തെന്മല ഗ്രാമപഞ്ചായത്ത് പബ്ലിക് കംഫർട്ട് | ശ്രീ.സദാശിവൻ, ദേവകിസദനം | 1,18,590/- | 21,000/- | 97,590/- + ജി എസ് റ്റി |

| | | | | |
|---|---|---|---|---|
| സ്റ്റേഷൻ ഫീസ് | | | | |
| മാട്ടിറച്ചി വ്യാപാരം - ഉറുകുന്ന് | ശ്രീ റഫീക്ക്, നടുക്കുന്നിൽ വീട് | 5,01,000/- | 2,95,025/- | 2,05,975 + ജി എസ് റ്റി |
| മാട്ടിറച്ചി വ്യാപാരം- വെള്ളിമല | ശ്രീ. നിസാമുദ്ദീൻ, പുതുവിള പടിഞ്ഞാറ്റതിൽ | 71,000/- | 42,000/- | 29,000/- (ജി എസ് റ്റി ഇനത്തിൽ 220/-രൂപ മാത്രമേ അടവാക്കാൻ അവശേഷിക്കുന്നുള്ളൂ) |
| മാട്ടിറച്ചി വ്യാപാരം - ഇടമൺ 34 | ശ്രീ.നിസാമുദ്ദീൻ, പുതുവിള പടിഞ്ഞാറ്റതിൽ | 4,90,000/- | 1,87,500/- | 3,02,500/- + ജി എസ് റ്റി |

മേൽ വിഷയം സംബന്ധിച്ച് നൽകിയിരുന്ന ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടി ലഭ്യമായില്ല. ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള വ്യക്തികളിൽ നിന്നും ലേലകുടിശ്ശിക പിഴ പലിശ സഹിതം ഈടാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 03/16.01.2023

1-14 വാടക കുടിശ്ശിക

വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമുറികൾ വാടകയ്ക്ക് എടുത്തിട്ടുള്ള വ്യക്തികൾ വാടക കൃത്യമായി ഒടുക്ക വരുത്താതെ കുടിശ്ശിക വരുത്തിയിട്ടുള്ളതായി കാണുന്നു. 2021-22 വർഷം ലഭിക്കാനുള്ള വാടക കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്, മേൽവിലാസം | കടമുറി നമ്പർ | വാടക/ മാസം (കുടിശ്ശിക) | വാടക കുടിശ്ശിക |
|---|---|---|---|---|
| 1 | ശ്രീ. പ്രകാശ്, വിജയവിലാസം, തെന്മല | 4 | 274 * 12 | 3,288 + GST/ |

മേൽ വിഷയം സംബന്ധിച്ച് നൽകിയിരുന്ന ഓഡിറ്റ് എൻക്വയറിയ്ക്ക് ( നം.4/18.01.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള വ്യക്തിയിൽ നിന്നും വാടക കുടിശ്ശിക പിഴ പലിശ സഹിതം ഈടാക്കേണ്ടതാണ്. കരാർ ലംഘനം നടത്തുന്ന വാടകക്കാരെ ഒഴിപ്പിക്കുന്നതിനും ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

1-15 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെപ്പറയുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി വിവിധ സ്ഥാപനങ്ങളിൽ ഒടുക്കുവരുത്തിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നം.പേര് | നിർവ്വഹണ ഏജൻസി | നൽകിയ തുക(രൂപ) | ബിൽ നം.തീയതി |
|---|---|---|---|---|
| 1 | S0060/22 പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | കെ.എസ്.ഇ. ബി | 33,527/-<br>29,164/-<br>7,718/- | 22/24.11.21<br>39/27.3.22<br>40/27.3.22 |
| 2 | ഇടമൺ സബ് സ്റ്റേഷൻ കുടിവെള്ള പദ്ധതി | ഭൂജലവകുപ്പ് | 5,81,992/- | 44/27.3.22 |

| | | | | |
|---|---|---|---|---|
| 3 | ആംബ്രോസ് മുക്ക് കുടിവെള്ള പദ്ധതി | ഭൂജലവകുപ്പ് | 6,69,716/- | 45/27.3.22 |
| 4 | മൂലമൺ കുടിവെള്ള പദ്ധതി | ഭൂജലവകുപ്പ് | 5,63,568/- | 46/27.3.22 |
| 5 | ചെല്ലംകോട്കുടിവെള്ള പദ്ധതി | ഭൂജലവകുപ്പ് | 6,15,480/- | 47/27.3.22 |
| 6 | കൊപ്പാറ കുടിവെള്ള പദ്ധതി | ഭൂജലവകുപ്പ് | 6,98,265/- | 48/27.3.22 |
| 7 | ക്ഷേത്രഗിരി കുടിവെള്ള പദ്ധതി | ഭൂജലവകുപ്പ് | 6,05,148/- | 49/27.3.22 |
| 8 | ഒറ്റക്കൽ സ്കൂളിൽ കുടിവെള്ള പരിശോധനാ യൂണിറ്റ് | KIIDC | 1,50,000/- | 19/18.11.21 |
| 9 | പോസ്റ്റ് ഷിഫ്റ്റിംഗ് | കെ.എസ്.ഇ.ബി | 14,516/-<br>9,329/- | 33/21.2.22<br>7/29.6.21 |
| 10 | അഞ്ചേക്കർ കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ | ഭൂജലവകുപ്പ് | 1,90,763/-<br>7,980/- | |
| 11 | വാലുപറമ്പ് കുടിവെള്ള പദ്ധതി | ഭൂജലവകുപ്പ് | 10,90,500/- | 42/27.3.22 |
| 12 | ജില്ലാ ആസൂത്രണസമിതി മന്ദിരം നിർമ്മാണം-പഞ്ചായത്ത് വിഹിതം നൽകൽ | Dist.Planning Officer, Kollam | 1,50,000/- | 3854077/3.2.22 |
| | ആകെ | | 54,17,666/- | |

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗരേഖകളുടെ അഭാവത്തിൽ 54,17,666/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ/പൂർത്തീകരണ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 54,17,666/-രൂപ

ഓഡിറ്റ് അന്വേഷണം നം- 6/ 17-01-2023

1-16 മരുന്ന്, ഉപകരണങ്ങൾ പൂർണ്ണമായും ലഭിച്ചിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾ പ്രകാരം മരുന്ന്, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി തുക വിവിധ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| പ്രോജക്ട്നം./പേര് | അടങ്കൽ(രൂപ) | ചെലവ് (രൂപ) | ബിൽ നം | തുക കൈപ്പറ്റിയ സ്ഥാപനം | റിമാർക്ക്സ് |
|---|---|---|---|---|---|
| 7/22 തെന്മല എഫ്.എച്ച്.സി. യ്ക്ക് ആവശ്യമായ മരുന്ന്, ഉപകരണങ്ങൾ വാങ്ങൽ | 7,00,000/- | 20,324/-<br>65,711/-<br>4,77,511/-<br>39,135/-<br>48,631/-<br>48,678/- | 17/21.10.21<br>26/17.12.21<br>28/23.12.21<br>30/18.1.22<br>43/25.3.22<br>44/25.3.22 | IHDB<br>KMSCL<br>KMSCL<br>IHDB<br>KMSCL<br>KMSCL | KMSCL-ന് നല്കിയ തുകയിൽ 1,26,017/-രൂപയുടെ മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു |
| 13/22 എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറിയ്ക്ക് | 2,25,000/- | 2,25,000/- | 38/25.2.22 | HOMCO | 1,40,127/-രൂപയുടെ മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു |

| | | | | | |
|---|---|---|---|---|---|
| മരുന്ന് വാങ്ങൽ | | | | | |
| 34/22 എഫ്.എച്ച്.സി. ലാബിലേയ്ക്ക് റീ ഏജന്റ്, ഉപകരണങ്ങൾ, ഫർണീച്ചർ വാങ്ങൽ | 2,50,000/- | 2,50,000/- | 23/6.12.21 | ABC Diagnostics | 1,39,240/-രൂപയുടെ മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു |
| 160/22 കോവിഡ് സംബന്ധമായ മരുന്ന്, ഉപകരണങ്ങൾ വാങ്ങുക | 5,00,000/- | 10,806/-<br>67,415/-<br>90,177/-<br>75,270/-<br>79,941/-<br>49,412/-<br>1,24,324/- | 5/14.7.21<br>6/14.7.21<br>10/19.8.21<br>18/26.11.21<br>33/16.2.22<br>13/8.9.21<br>45/31.3.22 | IHDB<br>ELIXIR<br>ELIXIR<br>ELIXIR<br>ELIXIR<br>IHDB<br>ELIXIR | 1,00,983/-രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ട്. ബിൽ നം. 13/8.9.21 പ്രകാരം 49,412/-രൂപ എഫ്.എച്ച്.സി, തെന്മല എന്ന അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. IHDB യുടെ ഇൻവോയിസ് പ്രകാരമുള്ള ടി തുക സ്ഥാപനത്തിന് നൽകിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവുതുകയിൽ 3,96,362/- രൂപയുടെ മരുന്ന് ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 20/22 പാലിയേറ്റീവ് കെയർ | 8,43,000/- | 7,27,253/- | | | 6,529/-രൂപയുടെ മരുന്ന് 38,508/-രൂപയുടെ ഉപകരണങ്ങൾ എന്നിവ ലഭിച്ചിട്ടില്ല. |
| ആകെ | | | | | 8,46,783/- |

മരുന്ന്, ഉപകരണങ്ങൾ എന്നിവ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിയ്ക്ക് അവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി മറുപടി ലഭ്യമാക്കി. ലഭിക്കാനവശേഷിക്കുന്ന മരുന്നുകളുടേയും, ഉപകരണങ്ങളുടേയും വിലയായ 8,46,783/-രൂപയുടെ ചെലവ്തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് വിവരങ്ങൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 8,46,783/-രൂപ
ഓഡിറ്റ് എൻക്വയറി നം.7/17.1.23

1-17 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 12,25,00,000/-രൂപ വകയിരുത്തി 216783 തൊഴിൽദിനങ്ങൾ ലക്ഷ്യമിട്ട് ആക്ഷൻ പ്ലാൻ അംഗീകരിച്ചിരുന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ തൊഴിൽദിനങ്ങൾ 296640 (136.83%) സൃഷ്ടിക്കാൻ കഴിഞ്ഞതായി കാണുന്നു. വിവിധ പ്രവൃത്തികൾക്കായി 10,42,08,000/- രൂപ ചെലവഴിച്ചിട്ടുണ്ട് (വകയിരുത്തിയ തുകയുടെ 85.07%). 100 ദിനം തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം 1617 ആണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി ഇനം | ആക്ഷൻപ്ലാൻ പ്രകാരം ലക്ഷ്യമിട്ട എണ്ണം | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ എണ്ണം | ആക്ഷൻപ്ലാൻ പ്രകാരം ലക്ഷ്യമിട്ട പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെ ശതമാനം |
|---|---|---|---|---|---|---|
| 1 | മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ | 456 | 366 | 358 | 8 | 78.5 |
| 2 | വ്യക്തിഗത പ്രവൃത്തികൾ | 144 | 125 | 104 | 21 | 72.22 |
| 3 | റോഡ് കോൺക്രീറ്റ്, സംരക്ഷണ ഭിത്തി നിർമ്മാണം | 139 | 20 | 17 | 3 | 12.2 |

2021-22-ൽ പൂർത്തീകരിക്കാൻ അവശേഷിക്കുന്ന പ്രവൃത്തികൾ 2022-23 വർഷം പൂർത്തീകരിച്ചിട്ടുണ്ടെന്നും, ഫണ്ടിന്റെ അപര്യാപ്തത മൂലം തുക പൂർണ്ണമായി നൽകാൻ സാധിച്ചില്ല എന്നും വിശദീകരിച്ചിട്ടുണ്ട്. അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ ലക്ഷ്യം സമയബന്ധിതമായി കൈവരിക്കാനുള്ള കാര്യക്ഷമമായ നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

1-18 ഇ-ടെണ്ടർ ഫാറവില തിരികെ ഈടാക്കിയില്ല.

ഇ- ടെണ്ടർ ഫാറ വില ഇനത്തിൽ തെന്മല ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനീയറുടെ (LSGD) അക്കൗണ്ടിൽ (A/c No. 37526109076, SBI, തെന്മല ) ക്രെഡിറ്റ് വന്നിട്ടുള്ള തുകയിൽ 1,90,641/-രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. (2019-20-ൽ 62,426/-, 2020-21-ൽ 1,28,215/-, ആകെ- 1,90,641/-, രസീത് നം. 9287587/24.8.2021). കൂടാതെ, 2021-22 വർഷം ഈയിനത്തിൽ ക്രെഡിറ്റ് വന്ന 94,380/-രൂപ രസീത് നം. 1220101777/22.8.2022 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കവരുത്തിയിട്ടുണ്ട്. 2022-23 വർഷം (10.1.2023 വരെ) ടി അക്കൗണ്ടിൽ 72,800/- രൂപ അവശേഷിക്കുന്നു.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.5/17.1.2023) മറുപടിയിൽ , ഇ-ടെണ്ടർ വില ക്രെഡിറ്റ് ചെയ്യുന്നതിനായി തെന്മല ഗ്രാമപഞ്ചായത്തിൽ അക്കൗണ്ട് ആരംഭിക്കുന്നതിനു മുമ്പ്, കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതും, തെന്മല ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുള്ളതുമായ തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല എന്നും തുക ലഭ്യമാക്കാൻ കത്ത് നൽകിയിട്ടുള്ളതായും, ടി ഇനത്തിൽ തെന്മല ഗ്രാമപഞ്ചായത്ത് അസി.

എഞ്ചിനീയറുടെ (LSGD) അക്കൗണ്ടിൽ 10.1.2023-ൽ അവശേഷിക്കുന്ന 72,800/-രൂപ 2022-23 സാമ്പത്തിക വർഷത്തെ ഇ-ടെണ്ടർ നടത്തിയിട്ടുള്ളതിന്റേതാണെന്നും ആയത് സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതാണെന്നും പരാമർശിച്ചിരിക്കുന്നു. ഇ- ടെണ്ടർ ഫാറ വില ഇനത്തിലുള്ള തുകകൾ എത്രയും വേഗം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-19 വൈദ്യുതീകരണം നടത്താത്തതിനാൽ പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 216/22 |
| പ്രോജക്റ്റിന്റെ പേര് | ഉറുകുന്ന് കമ്മ്യൂണിറ്റി ഹാളിന്റെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തൽ |
| നിർവഹണം | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD. |
| അടങ്കൽ തുക | ₹ 1,50,000/-(CFC) |
| കരാറുകാരൻ | ശ്രീ. റെബിൻ.എസ്.തോമസ് (ER) |
| എഗ്രിമെന്റ് നം/തീയതി | 21/AE/LSGD/TML/21-22/7.2.2022 |
| ബിൽ നം./തീയതി, തുക | 26/21-22/16.3.2022, ₹ 49597/- |
| എം. ബുക്ക് നമ്പർ | 13/21-22 |

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെ സംഗ്രഹം ചുവടെ ചേർക്കുന്നു.

| അപ്പെൻഡിക്സ് | ഇനം | വകയിരുത്തിയ തുക (രൂപ) |
|---|---|---|
| 1 | ഉറുകുന്ന് കമ്മ്യൂണിറ്റി ഹാൾ പെയിന്റിംഗ് | 44,439.58/- |
| 2 | വൈദ്യുതീകരണം (LS) | 88,574.85/- |
| -- | GST | 15,961.73/- |
| -- | Round Off | 1,023.84/- |
| ആകെ | | 1,50,000/- |

എന്നാൽ അപ്പെൻഡിക്സ്-1 പ്രകാരമുള്ള കമ്മ്യൂണിറ്റി ഹാൾ പെയിന്റിംഗ് എന്ന ഇനം മാത്രം നിർവഹിച്ചതിന് തുക കരാറുകാരന് നൽകിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | ₹44,283/- |
| 12% GST | (+) ₹ 5,314/- |
| ആകെ | ₹ 49597/- |
| IT 1% | (-) ₹ 443/- |
| WF 1% | (-) ₹ 443/- |
| SGST 1% | (-) ₹ 443/- |
| CGST 1% | (-) ₹ 443/- |
| കരാറുകാരന് നൽകിയ തുക | ₹ 47,825/- |

അപ്പെൻഡിക്സ്-2 പ്രകാരം വൈദ്യുതീകരണത്തിന് തുക വകയിരുത്തിയിരുന്നുവെങ്കിലും, പ്രസ്തുത ഇനം നിർവഹിച്ചിട്ടില്ല എന്ന് കാണുന്നു.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം.5/17.1.23) മറുപടിയിൽ പ്രസ്തുത ഇനം ടെണ്ടർ നടത്തിയിരുന്നുവെങ്കിലും പ്രവൃത്തി ആരും ഏറ്റെടുക്കാതിരുന്നതിനാൽ നിർവഹിച്ചിട്ടില്ലാത്തതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പ്രധാന ഇനമായ വൈദ്യുതീകരണം നിർവഹിക്കപ്പെടാത്തതിനാൽ പദ്ധതി ഫലപ്രാപ്തിയിലെത്തിയിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 മഴക്കാല പൂർവ്വ ശുചീകരണം - തുക ചെലവഴിച്ച രേഖകൾ ഹാജരാക്കിയില്ല.

മഴക്കാല പൂർവ്വ ശുചീകരണവുമായി ബന്ധപ്പെട്ട് 2021-22 ൽ 1,60,000/-രൂപ (വൌച്ചർ നം. 52100203/04.06.21 ചെക്ക് നം. 361069/04.06.21) മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. യ്ക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ഒരു വാർഡിന് 10,000/-രൂപ ക്രമത്തിൽ 16 വാർഡുകൾക്കും അനുവദിച്ചിട്ടുണ്ട്. 1,60,000/-രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അതത് സാമ്പത്തിക വർഷങ്ങളിൽ രോഗവ്യാപനം തടയാൻ ആവശ്യമായ മഴക്കാലപൂർവ്വ പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക അതാത് സാമ്പത്തിക വർഷം തന്നെ ഉപയോഗിച്ചാൽ മാത്രമേ ആരോഗ്യമേഖലയിൽ ഉദ്ദേശിച്ച ഫലപ്രാപ്തി കൈവരിക്കാൻ കഴിയുകയുള്ളു. ചെലവ് രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 9/17.01.2023

തടസ്സപ്പെടുത്തിയ തുക - 1,60,000 /-

1-21 എഗ്രിമെന്റ് റദ്ദാക്കി - എന്നാൽ തുടർ നിയമനടപടികൾ സ്വീകരിച്ചില്ല.

ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ കരാറുകാർ നിയമാനുസൃത സമയപരിധിക്കുള്ളിൽ പ്രവൃത്തി ആരംഭിക്കാതിരുന്നതുമൂലം എഗ്രിമെന്റ് റദ്ദാക്കിയിട്ടുള്ളതായി കാണുന്നു. എന്നാൽ അതിനുശേഷമുള്ള നിയമനടപടികൾ സ്വീകരിച്ചിട്ടില്ല.

1)

| | |
|---|---|
| പ്രോജക്ട് നമ്പർ | 121/22 (143/21-ന്റെ സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | ഒറ്റക്കൽ മാതാജി റോഡ് കോൺക്രീറ്റിംഗ് |
| നിർവഹണം | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD. |
| അടങ്കൽ തുക | 3,25,500/-രൂപ (CFC) |
| ആദ്യകരാറുകാരൻ | ശ്രീ. രാധാകൃഷ്ണൻ.ആർ. (18.3% കുറവ്) |
| എഗ്രിമെന്റ് നം/തീയതി | 30/AE/LSGD/TML/20-21/11.8.2020 |
| രണ്ടാമത്തെ കരാറുകാരൻ | ശ്രീ. ജയമോൻ ജോസഫ് (0.09% കുറവ്) |
| എഗ്രിമെന്റ് നം/തീയതി | 18/AE/LSGD/TML/21-22/24.1.22 |
| ബിൽ നം./തീയതി, തുക | 46/21-22/29.3.2022, 3,25,500/-രൂപ<br>(അടങ്കൽ തുകയിൽ പരിമിതപ്പെടുത്തി) |
| എം. ബുക്ക് നമ്പർ | 33/21-22 |

പ്രസ്തുത പ്രവൃത്തിയുടെ സൈറ്റ് 11.8.2020-ൽ കരാറുകാരനായ ശ്രീ. രാധാകൃഷ്ണന് കൈമാറിയെങ്കിലും, നിയമാനുസൃത സമയപരിധിക്കുള്ളിൽ ടിയാൻ പ്രവൃത്തി ആരംഭിക്കാത്ത സാഹചര്യത്തിൽ കരാർ റദ്ദ് ചെയ്ത് സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടുന്നതിനും, ടിയാനെതിരെ KPWD മാന്വൽ, കേരള പഞ്ചായത്ത് രാജ് ആക്ട് എന്നിവ പ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കുമെന്നും 22.9.21-ലെ TE/AE/LSGD /TML/21-22 നം. കത്ത് പ്രകാരം ടിയാനെ അറിയിച്ചിട്ടുണ്ട്. തുടർന്ന് റീ-ടെണ്ടർ നടപടികളിലൂടെ ശ്രീ. ജയമോൻ ജോസഫ് എന്ന കരാറുകാരനാണ് പ്രവൃത്തി പൂർത്തീകരിച്ചത്. എന്നാൽ ആദ്യ കരാറുകാരനെതിരെ പഞ്ചായത്ത് തുടർ നിയമ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | 111/22 (67/21-ന്റെ സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | മൂന്നു കണ്ണറ-ആനപെട്ടകോങ്കൽ റോഡ് റീടാറിംഗ് & ഐറിഷ് ഡ്രെയിൻ നിർമ്മാണം |
| നിർവഹണം | അസിസ്റ്റന്റ് എഞ്ചിനീയർ, LSGD. |
| അടങ്കൽ തുക | 6,00,000/-രൂപ (MGR) |

| | |
|---|---|
| ആദ്യ കരാറുകാരൻ | ശ്രീ. സുധീൻപിള്ള. ജെ.(4,72,675.92/-രൂപ) |
| എഗ്രിമെന്റ് നം/തീയതി | 41/AE/LSGD/TML/20-21/14.10.2020 |
| രണ്ടാമത്തെ കരാറുകാരൻ | ശ്രീ. അഖിൽ ചന്ദ്രൻ (5,32,980.74/-രൂപ) |
| എഗ്രിമെന്റ് നം/തീയതി | 20/AE/LSGD/TML/21-22/25.1.22 |
| ബിൽ നം./തീയതി, തുക | 50/21-22/30.3.2022, 5,29,396/-രൂപ |
| എം. ബുക്ക് നമ്പർ | 32/21-22 |

പ്രസ്തുത പ്രവൃത്തിയുടെ സൈറ്റ് 14.10.2020-ൽ കരാറുകാരനായ ശ്രീ.സുധീൻപിള്ള എന്ന വ്യക്തിക്ക് കൈമാറിയെങ്കിലും, നിയമാനുസൃത സമയപരിധിക്കുള്ളിൽ ടിയാൻ പ്രവൃത്തി ആരംഭിക്കാത്ത സാഹചര്യത്തിൽ കരാർ റദ്ദ് ചെയ്ത് സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടുന്നതിനും, ടിയാനെതിരെ KPWD മാന്വൽ, കേരള പഞ്ചായത്ത് രാജ് ആക്ട് എന്നിവ പ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കുമെന്നും 22.11.21-ലെ TE/AE/LSGD/TML/21-22 നം. കത്ത് പ്രകാരം ടിയാനെ അറിയിച്ചിട്ടുണ്ട്. തുടർന്ന് റീ-ടെണ്ടർ നടപടികളിലൂടെ ശ്രീ. അഖിൽ ചന്ദ്രൻ എന്ന കരാറുകാരനാണ് പ്രവൃത്തി പൂർത്തീകരിച്ചത്. എന്നാൽ ആദ്യ കരാറുകാരനെതിരെ തുടർ നിയമ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം.5/17.1.23) മറുപടിയിൽ പ്രസ്തുത പ്രവൃത്തികളിൽ കരാറുകാർ പ്രവൃത്തി ഏറ്റെടുത്ത് എഗ്രിമെന്റ് വച്ചിരുന്നുവെങ്കിലും പ്രവൃത്തി നിർവഹിച്ചിരുന്നില്ല എന്നും ടിയാളുകളുടെ സെക്യൂരിറ്റി തുക തിരികെ നൽകിയിട്ടില്ലാത്തതാണെന്നും ആയതിന്റെ നിയമനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ക്രമ നം.1, 2 പ്രവൃത്തികളുടെ ആദ്യ കരാറുകാരുടെ എഗ്രിമെന്റ് റദ്ദ് ചെയ്തതിനുശേഷം സ്വീകരിച്ച നിയമ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-22 രേഖകൾ ഹാജരാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.

അടങ്കൽ - ₹ 1,00,000/- (CFC)

ചെലവ് - ₹20,000/-(ബിൽ നം.27/10.1.22

₹5,000/-(ബിൽ നം.35/19.3.22)

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന പ്രോജക്ട് പ്രകാരം 5,000/-രൂപ ശ്രീമതി. ഷീന സക്കറിയ എന്ന ഗുണഭോക്താവിന്റെ അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ അപേക്ഷ, അനുബന്ധരേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ 5,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തുന്ന തുക – 5,000/-
ഓഡിറ്റ് എൻക്വയറി നം-6/17.1.23

1-23 പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി ദുർബലം

ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനം അനിവാര്യ ചെലവുകൾക്ക് തികയുന്നില്ല. നികുതി, നികുതിയേതര വരുമാനത്തിലെ കുറവ് ധനക്കമ്മിക്ക് കാരണമാകുന്നു. ജനറൽ പർപ്പസ് ഗ്രാന്റായി 1,26,20,000/-രൂപ ലഭിച്ചിട്ടും തൻവർഷം ധനക്കമ്മിയാണ്. പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സർക്കാർ വിവിധ വർഷങ്ങളിലായി നൽകിയ ഗ്രാന്റുകൾ തനതുഫണ്ടിൽ സൂക്ഷിച്ച് പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾക്കായി ഉപയോഗിച്ചുവരുന്നു. 2021-22 ലെ വാർഷിക ധനകാര്യപത്രിക പ്രകാരം വിവിധ

ഗ്രാന്റുകൾ (ഷെഡ്യൂൾ ബി4), ഡെപ്പോസിറ്റ് (ഷെഡ്യൂൾ ബി7),മറ്റ് ബാധ്യതകൾ (ഷെഡ്യൂൾ ബി9) എന്നിവയുടെ നീക്കിയിരിപ്പും ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പും താഴെ പറയുന്ന പ്രകാരമാണ്.

| നീക്കിയിരിപ്പ് ₹ | | അക്കൌണ്ടിലെ നീക്കിയിരിപ്പ് ₹ | |
|---|---|---|---|
| ഗ്രാന്റുകളുടെ നീക്കിയിരിപ്പ് (ഷെഡ്യൂൾ ബി4) | 29,8,00,205/- | ബാങ്ക് അക്കൌണ്ട് | 1,60,83,695/- |
| ഡെപ്പോസിറ്റ് (ഷെഡ്യൂൾ ബി7) | 5,67,700/- | സർക്കാർ ട്രഷറി അക്കൌണ്ടിൽ നിന്നും പിടിച്ച തുക | 50,61,717/- |
| മറ്റ് ബാധ്യതകൾ (ഷെഡ്യൂൾ ബി9) | 12,29,449/- | | |
| ആകെ | 3,15,97,354/- | | 2,11,45,412/- |
| ധനക്കമ്മി | | 3,15,97,354 – 2,11,45,412 = 1,04,51,942/- | |

ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക ഉൾപ്പെടെയുള്ള ചെലവുകൾ ഉള്ളതിനാൽ വരും വർഷങ്ങളിൽ ധനസ്ഥിതി കൂടുതൽ പരിതാപകരമാകും. തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

ലൈഫ് മിഷൻ മുഖേനയുള്ള ഭവന നിർമ്മാണത്തിനായി ജനറൽ, എസ്.സി.പി പദ്ധതികൾ വഴി കരാറിൽ ഏർപ്പെട്ട് ഗഡുക്കൽ കൈപ്പറ്റിയ എതാനും ഗുണഭോക്താക്കൾ നാളിതുവരെയും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1. ലൈഫ് ഭവന പദ്ധതി (ജനറൽ)-31/2021-22

| ക്രമ നം | ഗുണഭോക്താവിന്റെ പേര് (ശ്രീ/ശ്രീമതി) | കൈപ്പറ്റിയ തുക₹ |
|---|---|---|
| 1 | ജെസ്സി രാജു, പാരഡൈസ്, തേവർകുന്ന് | 40,000/- (ബിൽ നമ്പർ 34/22 തീയതി 30/12/2021) |
| 2 | രാജു, നാഗമല എസ്റ്റേറ്റ്, കുറവൻതാവളം | 40,000/- (ബിൽ നമ്പർ 46/22 തീയതി 16/2/2022) |
| 3 | ഷംനാദ്, പാലമൂട്ടിൽ, അണ്ടൂർപച്ച | 40,000/-(ബിൽ നം 51/22 തീയതി 16/2/2022) |
| 4 | രതീഷ്, നാഗമല എസ്റ്റേറ്റ്, കുറവൻതാവളം | 40,000/- (ബിൽ നം 54/22 തീയതി 19/2/2022) |
| 5 | ലളിത കുമാരി, ചാലിയക്കര എസ്റ്റേറ്റ് | 40,000/-(ബിൽ നം 60/22 തീയതി 26/2/2022) |

*ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം (SC) 33/2021-22

| ക്രമ നം | ഗുണഭോക്താവിന്റെ പേര് (ശ്രീ/ശ്രീമതി) | കൈപ്പറ്റിയ തുക ₹ |
|---|---|---|
| 1 | ഭാരതി, പാറവിള വീട്, ഉറുകുന്ന് | 40,000/-(ബിൽ നം 50/22 തീയതി 16/2/2022) |

| | | |
|---|---|---|
| 2 | അർജ്ജുനൻ, നാഗമല എസ്റ്റേറ്റ്, കുറവൻതാവളം | 40,000/- (ബിൽ നം 61/22 തീയതി 26/2/2022) |

മുൻകൂർ തുക നൽകിയിട്ടും ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ മേൽ ഗുണഭോക്താക്കൾക്ക് നൽകിയ 2,80,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മുൻകൂർ തുക കൈപ്പറ്റിയശേഷം ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത മേൽ ഗുണഭോക്താക്കൾക്ക് തുടർ ഗഡുക്കൾ അനുവദിച്ച് ഭവനനിർമ്മാണം പൂർത്തിയാക്കി രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 2,80,000/- രൂപ
ഓഡിറ്റ് എൻക്വയറി നം. 11/18.01.2023

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 12.01.2023 & 13.01.2023 | കെ.എസ്.എ.കെ.എൽ.എം.പി1/179/23, തീ.31/3/23 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ്(രൂപ) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 13,60,000/- | ഭവനനിർമ്മാണം (ജനറൽ) | 13,60,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,40,000/- | ലൈഫ് പദ്ധതി (ടി എസ് പി) 145/22 | 1,40,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 5,60,000/- | ലൈഫ് പദ്ധതി ജനറൽ 143/22 | 5,60,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 6,50,000/- | ലൈഫ് പദ്ധതി (എസ് സി പി) 33/22 | 6,50,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 5,40,000/- | ലൈഫ് പദ്ധതി ജനറൽ 31/22 | 5,40,000/- | |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,00,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 29/22 | 1,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,00,000/- | അനുപൂരക പോഷകാഹാരം 5/22 | 1,00,000/- | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 2,00,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് 29/ 21-22 | 2,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 2,13,934/- | വീട്ടുവളപ്പിൽ മത്സ്യകൃഷി 157/22 | 2,13,934/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 3,17,300/- | ലൈഫ് പദ്ധതി | 3,17,300/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 8,40,000/- | ലൈഫ് പദ്ധതി ജനറൽ | 8,40,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 1,50,000/- | അനുപൂരക പോഷകാഹാരം 5/22 | 1,50,000/- | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|
| കെ എസ് ഇബി | SO060/22പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 22/24.11.21<br>39/27.3.22<br>40/27.3.22 | 33,527/-<br>29,164/-<br>7,718/- | - | 33,527/-<br>29,164/-<br>7,718/- |
| ഭൂജലവകുപ്പ് | ഇടമൺ സബ് സ്റ്റേഷൻ കുടിവെള്ളപദ്ധതി | 44/27.3.22 | 5,81,992/- | | 5,81,992/- |
| ഭൂജലവകുപ്പ് | ആംബ്രോസ് മുക്ക് കുടിവെള്ള പദ്ധതി | 45/27.3.22 | 6,69,716/- | | 6,69,716/- |
| ഭൂജലവകുപ്പ് | മൂലമൺ കുടിവെള്ള പദ്ധതി | 46/27.3.22 | 5,63,568/- | | 5,63,568/- |
| ഭൂജലവകുപ്പ് | ചെല്ലംകോട് കുടിവെള്ള പദ്ധതി | 47/27.3.22 | 6,15,480/- | | 6,15,480/- |
| ഭൂജലവകുപ്പ് | കൊപ്പാറ കുടിവെള്ള പദ്ധതി | 48/27.3.22 | 6,98,265/- | | 6,98,265/- |
| ഭൂജലവകുപ്പ് | ക്ഷേത്രഗിരി കുടിവെള്ള പദ്ധതി | 49/27.3.22 | 6,05,148/- | | 6,05,148/- |

| | | | | | |
|---|---|---|---|---|---|
| KIIDC | ഒറ്റക്കൽ സ്കൂളിൽ കുടിവെള്ള പരിശോധനാ യൂണിറ്റ് | 19/18.11.21 | 1,50,000/- | | 1,50,000/- |
| KSEB | പോസ്റ്റ് ഷിഫ്റ്റിംഗ് | | 23,845/-<br>9,329/- | | 23,845/-<br>9,329/- |
| ഭൂജലവകുപ്പ് | അഞ്ചേക്കർ കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ | | 1,90,763/-<br>7,980/- | | 1,90,763/-<br>7,980/- |
| ഭൂജലവകുപ്പ് | വാല്യപറമ്പ് കുടിവെള്ള പദ്ധതി | 42/27.3.22 | 10,90,500/- | | 10,90,500/- |
| കെ എസ് ഇ ബി | SO163/22 തെരുവുവിളക്കുകൾക്ക് സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | 366/15.3.22 | 15,59,571/- | 15,59,571/- | - |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 5,80,000/- രൂപ വരവുണ്ട്. മുൻബാക്കി 10,48,000/-രൂപയടക്കം 16,28,000/-രൂപയിൽ 14,00,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക(രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ) | തൻവർഷം തിരിച്ചടച്ച തുക(രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | | 5,80,000/- | 3,62,32,000/- | 29,11,039/- | - | 3,39,00,961/- |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിലെ നിക്ഷേപം | 4,000/- |
| തൻ വർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 4,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 4,000/- |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 42,103/- രൂപയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക(രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2018-19 | 1-26(1) | 10,395/- | A E, LS GD | 121030100404/23.06.21 |
| 2018-19 | 1-31(1)- | 3,091/- | A E, LS GD | 121030100405/23.06.21 |
| 2018-19 | 3-4 | 11,817/- | ശ്രീ ബിജു | 121030100810/09.0.21 |
| 2018-19 | 1-35 (B) | 1,800/- | H M GLPS Edamon | 121030102594/11.01.2022 |
| 2018-19 | 1-37 | 5,000/- | M O, FHC | 121030500011/23.04.21 |
| 2018-19 | 1-17 | 10,000/- | M O, FHC | 121030500012/23.04.21 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 35 | 2002-03 | VII-2-(5) | തെൻമല മാർക്കറ്റ് റോഡ് ഉദ്ധാരണം | ലഭ്യമല്ല. |
| 2004-05 | 3-4 | 2010-11 | 5-2.6(1) | SGRY ഗാന്ധി ജം.-ഏലാ റോഡ് പണി പൂർത്തീകരിച്ചില്ല. | ലഭ്യമല്ല |
| 2005-06 | 3-13 | 2010-11 | 5-2.6(1) | മുൻകൂർ നൽകിയിട്ടും പ്രവൃത്തി ആരംഭിച്ചില്ല. | ലഭ്യമല്ല. |
| 2008-09 | 3-13 | 2010-11 | 5-2.6 (2) | ഹരിയാലി പദ്ധതിയിൽ ക്രമക്കേട്- ബാങ്ക് പലിശ കൃഷി ഓഫീസർ പിൻവലിച്ച | പിൻവലിച്ചിട്ടുള്ള തുക കൃഷി ഓഫീസർ 10-05-12 ൽ 36104/83 നമ്പർ രസീത് പ്രകാരം ഒടുക്കിയിട്ടുണ്ട്. |
| 2008-09 | 3-5 | 2011-12 | 2-4 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകി. | ലഭ്യമല്ല. |

4-9 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 54,08,337/-<br>9,329/- | ശ്രീ. അനിൽ കുമാർ എസ്, സെക്രട്ടറി<br>ശ്രീമതി.കല.എസ്, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-16 | 8,46,783/- | ഡോ.രശ്മി യു ആർ, മെഡിക്കൽ ഓഫീസർ , പി എച്ച് സി |
| 1-20 | 1,60,000/- | ഡോ.രശ്മി യു ആർ, മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| 1-22 | 5,000/- | ശ്രീ. അനിൽ കുമാർ എസ്, സെക്രട്ടറി |
| 1-24 | 2,80,000/- | ശ്രീ. അഭിലാഷ് ആർ., വി.ഇ.ഒ. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അനിൽ കുമാർ എസ്, സെക്രട്ടറി | സെക്രട്ടറി | ശ്രീശാന്തി, ഇടയ്ക്കിടം പി ഒ, ഇടയ്ക്കിടം |
| ശ്രീമതി.കല.എസ്, സെക്രട്ടറി-ഇൻ-ചാർജ്ജ് | അസി.സെക്രട്ടറി,കരവാളൂർ ഗ്രാമപഞ്ചായത്ത് | ശിവശക്തി വില്ല, പ്ലാച്ചേരി പി.ഒ, പുനലൂർ |
| ഡോ.രശ്മി യു ആർ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ ,പി എച്ച് സി | പ്രണവം, ഉറുകുന്ന് പി ഒ, ഉറുകുന്ന് |
| ശ്രീ.അഭിലാഷ്, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ | തൈപ്ലാവിള വീട്, തഴമേൽ, അഞ്ചൽ |
| ശ്രീ. അഭിലാഷ് ആർ. വി.ഇ.ഒ. | വി.ഇ.ഒ., തെന്മല ഗ്രാമപഞ്ചായത്ത് | കളീലില് വീട്, കുറവന്തേരി, കരുകോൺ പി.ഒ. 691306 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-1998 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(4)/18 തീയതി-02/03/18 | 4 |
| 1998-1999 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(5)/18 തീയതി-02/03/18 | 1 |
| 1999-2000 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(6)/18 തീയതി-02/03/18 | 3 |
| 2000 -01 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(7)/18 തീയതി-02/03/18 | 11 |
| 2001 -02 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(8)/18 തീയതി-02/03/18 | 12 |
| 2002 -03 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(9)/18 തീയതി-02/03/18 | 10 |
| 2003 -04 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(10)/18 തീയതി-02/03/18 | 4 |
| 2004 -05 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(11)/18 തീയതി-02/03/18 | 4 |

| | | |
|---|---|---|
| 2005 -06 | കെ.എസ്.എ.-കെ.എൽ.എം./പി 4/428(12)/18 തീയതി-02/03/18 | 5 |
| 2006-07 | എൽ.എഫ്.ക്യൂ.പി.7-1324(15)/14, തീയതി 19.06.14 | 7 |
| 2007-08 | എൽ.എഫ്.ക്യൂ.പി.7-1324(16)/14, തീയതി 19.06.14 | 15 |
| 2008-09 | എൽ.എഫ്.ക്യൂ.പി.7-1324(17)/14, തീയതി 19.06.14 | 14 |
| 2009-10 | എൽ.എഫ്.ക്യൂ.പി.7-1324(18)/14, തീയതി 19.06.14 | 7 |
| 2010-11 | എൽ.എഫ്.ക്യൂ.പി.7-1324(19)/14, തീയതി 19.06.14 | 11 |
| 2011-12 & 2012-13 | കെ.എസ്.എ-കെ.എൽ.എം-പി1/1077/2022 അദാലത്ത്2011-12, തീയതി 23.08.2022 | 19 |
| 2013-14 & 2014-15 | കെ.എസ്.എ-കെ.എൽ.എം-പി1/1077/2022 അദാലത്ത് 2013-14 &2014-15, തീയതി 23.08.2022 | 12 |
| 2015-16 | കെ.എസ്.എ-കെ.എൽ.എം-പി1/1077/2022 അദാലത്ത് 2015-16, തീയതി 23.08.2022 | 5 |
| 2016-17 | കെ.എസ്.എ.-കെ.എൽ.എം.പി /1 /1778/2017/ 30.10.17 | 11 |
| 2017-18 | കെ.എസ്.എ.-കെ.എൽ.എം.പി /1 /328/2019/ 14.01.2020 | 11 |
| 2018-19 | കെ.എസ്.എ.-കെ.എൽ.എം.പി /1 /14.01.2020 | 30 |
| 2019-20 | കെ.എസ്.എ.-കെ.എൽ.എം.പി 1 /408/2022/22.06.22 | 38 |
| 2020-21 | കെ.എസ്.എ.-കെ.എൽ.എം.പി 1 /409 /2022/ 23/07.22 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ തെന്മല ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്